# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1654

3/10/2011 ൽ മറുപടിക്ക്

### കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) 2011-വർഷത്തിൽ കേന്ദ്ര സർക്കാർ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര ടൺ ഏറ്റെടുത്തു;

(എ) 2011-വർഷത്തിൽ ജനുവരി മുതൽ ആഗസ്ത് വരെയുള്ള മാസങ്ങളിലേക്ക് ഓരോ വിഭാഗത്തിനും അനുവദിച്ചതും വിട്ടെടുത്തതുമായ അരിയുടെയും ഗോതമ്പിന്റെയും അളവ് ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിച്ചത് | വിട്ടെടുത്തത് |
|---|---|---|
| എ.പി.എൽ. അരി | 351141 മെ.ടൺ | 351141 മെ.ടൺ |
| ബി.പി.എൽ. അരി | 299080 മെ.ടൺ | 299080 മെ.ടൺ |
| എ.എ.വൈ. അരി | 166840 മെ.ടൺ | 166840 മെ.ടൺ |
| അന്നപൂർണ്ണ അരി | 2700 മെ.ടൺ | 2700 മെ.ടൺ |
| വെൽഫെയർ അരി | 742.75 മെ.ടൺ | 742.75 മെ.ടൺ |
| എ.പി.എൽ. ഗോതമ്പ് | 113551 മെ.ടൺ | 113551 മെ.ടൺ |
| ബി.പി.എൽ. ഗോതമ്പ് | 78390 മെ.ടൺ | 78390 മെ.ടൺ |
| വെൽഫെയർ ഗോതമ്പ് | 318.35 മെ.ടൺ | 318.35 മെ.ടൺ |

സാധാരണ നിരക്കിൽ അനുവദിച്ച അരിയും ഗോതമ്പും പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. ഇതു കൂടാതെ 12.70 രൂപ വില്പനവിലയുള്ള 69158 മെ.ടൺ അരിയും 9.20 രൂപ വില്പനവിലയുള്ള 29735 മെ.ടൺ ഗോതമ്പും 2011 ജനുവരി മാസത്തിൽ അനുവദിച്ചിരുന്നു. ഇതിൽ നിന്ന് 69006 മെ.ടൺ അരിയും 29649 മെ.ടൺ ഗോതമ്പും വിട്ടെടുത്തിട്ടുണ്ട്. 2011 ഓണം

സ്പെഷ്യലായി 12.70 രൂപ വില്പനവിലയുളള 54000 മെ.ടൺ അരിയും 9.20 രൂപ വില്പനവിലയുളള 27000 മെ.ടൺ ഗോതമ്പും അനുവദിച്ചതിൽ നാളിതു വരെ 4538 മെ.ടൺ അരിയും 3540 മെ.ടൺ ഗോതമ്പും വിട്ടെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്തതിൽ വിതരണം ചെയ്ത തെത്ര;

(ബി) വിതരണം ചെയ്ത അരിയുടെ അളവ് ചുവടെ ചേർക്കുന്നു

| ഇനം | വിതരണം ചെയ്ത അളവ് |
|---|---|
| എ.പി.എൽ. അരി | 349211 മെ.ടൺ |
| ബി.പി.എൽ. അരി | 298135 മെ.ടൺ |
| എ.എ.വൈ. അരി | 176803 മെ.ടൺ |
| അന്നപൂർണ്ണ അരി | 1982 മെ.ടൺ |
| വെൽഫെയർ അരി | 699 മെ.ടൺ |
| എ.പി.എൽ. ഗോതമ്പ് | 82112 മെ.ടൺ |
| ബി.പി.എൽ. ഗോതമ്പ് | 76458 മെ.ടൺ |
| വെൽഫെയർ ഗോതമ്പ് | 291 മെ.ടൺ |

(സി) കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ മുഴുവൻ ഏറ്റെടുത്തില്ലെങ്കിൽ അതിന് കാരണമെന്താണ്; വിശദമാക്കുമോ ?

(സി) സാധാരണ നിരക്കിൽ കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ മുഴുവൻ ഏറ്റെടുത്തിട്ടുണ്ട്. ഉയർന്ന നിരക്കിൽ ജനുവരിയിൽ അനുവദിച്ച അരിയും ഗോതമ്പും പൂർണ്ണമായും 30/09/2011 നുളളിൽ വിട്ടെടുക്കാൻ നടപടിയെടുത്തുവന്ന് വരുന്നു. ഓണം സ്പെഷ്യലായി അനുവദിച്ച 54000 മെ.ടൺ അരിയും 27000 മെ.ടൺ ഗോതമ്പും ആണ് പൂർണ്ണമായും വിട്ടെടുക്കാൻ സാധിക്കാത്തത്. ഓണത്തിനു തൊട്ടു മുമ്പാണ് ഈ അലോട്മെന്റ് അനുവദിച്ചത് എന്നാൽ 30/09/2011 വരെയാണ് വിട്ടെടുക്കുന്നതിന് സമയം അനുവദിച്ചിട്ടുളളത്. വിട്ടെടുക്കുന്നതിനുളള സമയം ദീർഘിപ്പിച്ച് അനുവദിക്കാനായി കേന്ദ്രസർക്കാറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.